## ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നടപടിക്രമങ്ങൾ

ഹാജർ. ശ്രീ. എ.ആർ. അജയകുമാർ. ഐ.എ.എസ്

സി.എഫ്.എസ് - ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 - വകുപ്പ് 30(1), 2(ഡി) എന്നിവ പ്രകരം മത്സ്യ വിപണനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ ബി.1-5815/2018/സി.എഫ്.എസ് / തീയതി : 08/04/2020**

സംസ്ഥാനത്ത് കോവിഡ്-19 നിയന്ത്രണങ്ങളുടെ ഭാഗമായി ലോക്ക് ഡൗൺ നിലനിൽക്കുന്ന സാഹചര്യം മുതലെടുത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ മൊത്തമായും ചില്ലറയായും വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം സംസ്ഥാനത്ത് കൊണ്ടുവരുന്നതും സംഭരിക്കുന്നതും വിൽപ്പന നടത്തുന്നതും ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം 2006-ലെ സെക്ഷൻ 50, 58, 59 എന്നിവ പ്രകാരം പരമാവധി 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ) പിഴയും സെക്ഷൻ 59 പ്രകാരം ആറുമാസം വരെ തടവും ഒരു ലക്ഷം രൂപ പിഴയും ലഭിക്കാവുന്ന ക്രിമിനൽ കുറ്റമാണ്.

മത്സ്യം കയറ്റിവരുന്ന വാഹനങ്ങൾക്ക് ഭക്ഷ്യ സുരക്ഷാ ലൈസൻസ് നിർബന്ധമാണ്. കൂടാതെ വാഹനങ്ങളിൽ വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന മത്സ്യം ഏതു സ്ഥലത്തുനിന്നാണ് കൊണ്ടുവരുന്നത് , ഏതു മാർക്കറ്റിലേക്കാണ് കൊണ്ടുപോകുന്നതെന്നും അഥവാ വ്യക്തികൾക്കായാണ് കൊണ്ടുവരുന്നതെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള ഇൻവോയ്സ്, FSSAI ലൈസൻസിന്റെ പകർപ്പ് മുതലായവ വാഹനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ മത്സ്യം വാഹനത്തിൽ കയറ്റുന്നതിനു മുമ്പ് വാഹനത്തിലെ കണ്ടയ്നറും അതിലുപയോഗിക്കുന്ന പെട്ടികളും (ക്രേറ്റുകൾ) അണുവിമുക്തമാക്കിയിരിക്കണം. കൂടാതെ മത്സ്യ വിതരണക്കാരും വ്യാപാരികളും മത്സ്യം കൊണ്ടുവരുന്ന ട്രക്ക് ഉടമകളും ഭക്ഷ്യ സുരക്ഷാ ലൈസൻസിംഗ് /രജിസ്ട്രേഷൻ റഗുലെഷൻ പാർട്ട് 1, പാർട്ട് 2 എന്നിവയിൽ പറയുന്ന സാനിറ്ററി ഹൈജിൻ വ്യവസ്ഥകൾ കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന ഐസ് വൃത്തിയുള്ളതും പാനയോഗ്യമായ വെള്ളത്തിൽ നിർമ്മിച്ചതുമായിരിക്കണം.

മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാതെ മത്സ്യ വിപണനം നടത്തുന്നത് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിന്റേയും അനുബന്ധ ചട്ടങ്ങളുടേയും ലംഘനമായി കണ്ട് കർശന നടപടികൾ സ്വീകരിക്കുവാൻ അതാതു ജില്ലകളിലെ ഡെസിഗ്നേറ്റഡ് ഓഫീസർമാരായ അസിസ്റ്റന്റ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 വകുപ്പ് 36(3) (ബി), (1), ഭക്ഷ്യ സുരക്ഷാ ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ റെഗുലേഷൻ 2.1.2(2) (V) പ്രകാരവും പ്രത്യേകം ചുമതലപ്പെടുത്തിക്കൊള്ളുന്നു.

കൂടാതെ പൊതുജനാരോഗ്യത്തിന് ഭീഷണിയുണ്ടാക്കുന്ന മത്സ്യം സംസ്ഥാനത്തേക്ക് കൊണ്ടുവന്ന് വിൽക്കുന്നതിനെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം 2006 വകുപ്പ് 38(1), (ബി) പ്രകാരവും ഭക്ഷ്യ സുരക്ഷാ ചട്ടം 2.1.3.4 (j) (q) പ്രകാരവും നടപടികൾ സ്വീകരിക്കുന്നതിനും ആയത് നിയമാനുസൃതം നശിപ്പിക്കുന്നതിനും അതാത് അധികാരപരിധിയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരെയും പ്രത്യേകമായി ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ഭക്ഷ്യ സുരക്ഷാ കമ്മീഷണർ

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരും.
2. എല്ലാ അസിസ്റ്റന്റ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരും.
3. എല്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരും

പകർപ്പ്

1. ജോയിന്റ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ ആന്റ് വിജിലൻസ്)
2. ജോയിന്റ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. ഫയൽ/ സ്റ്റോക്ക് ഫയൽ /സ്പെയർ

//ഉത്തരവിൻ പ്രകാരം//

ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മിഷണർ
(അഡ്മിനിസ്ട്രേഷൻ, ലീഗൽ ആന്റ് വിജിലൻസ്)